പഠനം • ശിഹാബുദ്ദീൻ ആരാമ്പ്രം

# ഊഹങ്ങൾ ഉൽപാദിപ്പിക്കുന്ന പ്രത്യയശാസ്ത്രം

> വ്യക്തിയെയും സമൂഹത്തെയും പറ്റിയുള്ള ഊഹമാണ് ലോകത്ത് വിഘടനവും സംഘട്ടനവും ഉണ്ടാക്കുന്നത്. അപശ്രുതി സൂക്ഷ്മമായി അന്വേഷിക്കാനുള്ള വിമുഖതയിൽനിന്നാണ് ഊഹം സ്വീകാര്യത നേടുക. അതിന്റെ ക്രമാനുഗതമായ വളർച്ചയാണ് തെറ്റിദ്ധാരണയും കലാപവും. മാനവരാശിയുടെ ഗതി നിർണയിക്കേണ്ടിയിരുന്ന ഒട്ടേറെ ചരിത്രസന്ദർഭങ്ങൾ ഊഹവും ഭീതിയും സൃഷ്ടിച്ച കുത്തൊഴുക്കിൽ തരിപ്പണമായിട്ടുണ്ട്.

**രവീന്ദ്രനാഥ** ടാഗോറിന്റെ ഉത്തമകഥകളിൽ ഒന്നായും ഏറ്റവും അധികം പ്രചാരം നേടിയ കഥയായും 'കാബൂളിവാല'യെ സോമനാഥ മൈത്ര നിരീക്ഷിച്ചിട്ടുണ്ട്. അഞ്ച് വയസ്സ് പ്രായമുള്ള മിനി കാബൂളിൽനിന്ന് എത്തിയ വഴിവാണിഭക്കാരനെ കളിച്ചങ്ങാതിയായി സ്വീകരിക്കുന്നതാണ് കഥ. ബാലമനസ്സിന്റെ നൈസർഗിക വിനോദത്തെയും ആഹ്ലാദത്തെയും മാത്രമല്ല ടാഗോർ ആ കഥയിൽ ആവിഷ്കരിച്ചത്; ഒരു പിതാവിന്റെ വറ്റാത്ത വാത്സല്യവും അന്യരോടും കീഴാളരോടും മധ്യവർഗ സമൂഹം പുലർത്തുന്ന അകൽച്ചയും സംശയവും കൂടിയാണ്. വേഷവും ഭാഷയും സംസ്കാരവും തമ്മിൽ നിലനിൽക്കുന്ന വികർഷണവും അതിന്റെ ഇന്ധനമായ ഊഹവും കഥയിൽ ഉണ്ട്. വ്യത്യസ്തമായ കാലത്തും പശ്ചാത്തലത്തിലുമാണെങ്കിലും ഇടശ്ശേരി ഗോവിന്ദൻ നായരുടെ 'ഇസ്ലാമിലെ വൻമല'യിലും എൻ.എസ് മാധവന്റെ 'മുംബയ്'യിലും കന്നട ചെറുകഥാകൃത്തായ ബൊളുവാർ മുഹമ്മദ് കുഞ്ഞി (വിവ: സി. രാഘവൻ)യുടെ 'പത്തിരിപ്പാത്തുമ്മ'യിലും വേഷവും ഭാഷയും സംസ്കാരവും തമ്മിലുള്ള ഊഹം തന്നെയാണ് പ്രമേയമായി വന്നത്.

ഓരോ രചനയും അതത് കാലത്തെ ഊഹങ്ങളെയാണ് പുറത്തെടുക്കുന്നത്. മനുഷ്യാരംഭം മുതൽ വ്യക്തികൾക്കും സമൂഹങ്ങൾക്കും ഇടയിൽ സംശയങ്ങളും തെറ്റിദ്ധാരണകളും ഉടലെടുത്തിട്ടുണ്ട്. എന്നാൽ അവ വേട്ടമൃഗങ്ങളെ തേടുന്ന ഹിംസ്ര ജന്തുക്കളുടെ ഊഹമായിരുന്നില്ല. സംശയിക്കുന്നവനിൽനിന്ന് കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതെ ഊഹങ്ങൾ പുറമേക്ക് പ്രവഹിച്ചിരുന്നില്ല. യാഥാർഥ്യം ബോധ്യപ്പെടുന്നതോടെ അവസാനിക്കുന്ന തെറ്റിദ്ധാരണകൾ മാത്രമായിരുന്നു അവ. 'കാബൂളിവാല'യിലും 'ഇസ്ലാമിലെ വൻമല'യിലുമെല്ലാം അത്തരം അനുഭവമാണ് പങ്കുവെക്കുന്നത്. എന്നാൽ 'പത്തിരിപ്പാത്തുമ്മ'യിലേക്കും 'മുംബയ്'യിലേക്കും എത്തുമ്പോൾ ഊഹം പുതിയ കാലത്തിന്റെ വർണം സ്വീകരിച്ചത് കാണാം.

വേഷത്തെയും വിശ്വാസത്തെയും കേന്ദ്രീകരിച്ചാണ് എല്ലാ ഊഹങ്ങളുടെയും പിറവി. വേഷം വിശ്വാസത്തിൽനിന്ന് ഉടലെടുത്തിരുന്ന കാലം അതിൽ അടയാളപ്പെട്ടിരിക്കുന്നു. കാബൂ

ളിവാലയുടെ പൊടിപുരണ്ട അയഞ്ഞ ഉടുപ്പും വലിയ തലപ്പാവും തോളിലെ മാറാപ്പുമെല്ലാം ഉദാഹരണം. അത് ഭീതി ജനകമായ ചിത്രമാണ് കുട്ടിയായ മിനി യിൽ ആദ്യം ഉണ്ടാക്കുന്നത്. കാബൂളിവാ ലയുടെ തോളിലെ മാറാപ്പിൽ അവളെപ്പോ ലുള്ള കുട്ടികളാണെന്ന് മിനി ആദ്യം ധരി ച്ചിരുന്നു. അവളുടെ അമ്മയാവട്ടെ 'അയാളെ സൂക്ഷിക്കണേ' എന്ന് താക്കീ തും നൽകി. കാബൂളിൽ അടിമവ്യാപാരം ഉണ്ടെന്നും ആ വലിയ മനുഷ്യൻ കുഞ്ഞി നെ പിടിച്ചുകൊണ്ട് പോവാൻ മടിക്കില്ലെ ന്നുമാണ് അവരുടെ കണക്കുകൂട്ടൽ. മിനി യുടെ അമ്മയുടെ വാദങ്ങളെ അഛൻ അംഗീകരിക്കുന്നില്ലെങ്കിലും മുഷിഞ്ഞ പ്രാകൃത വേഷക്കാരനായ കാബൂളിവാ ലയെ വീടിന്റെ പരിസരത്ത് കാണുന്നത് അദ്ദേഹത്തിന് നീരസമുണ്ടാക്കുന്നുണ്ട്.

കാബൂളിവാലയും മിനിയും പരിച യമായതോടെ തമാശകൾ പറഞ്ഞിരി ക്കുക പതിവായി. 'ശ്വശൂരഗൃഹ'ത്തിലേ ക്കുള്ള യാത്ര അവരുടെ നർമഭാഷണ ത്തിൽ പലപ്പോഴും കടന്നുവന്നു. ഭർതൃ ഭവനം എന്നതിന് പുറമെ കാരാഗൃഹം എന്ന ഒരു അർഥം കൂടി ബംഗാളി ഭാഷ യിൽ അതിനുണ്ട്. അതിനിടെ, തന്നെ വഞ്ചിച്ച ഒരാളെ വധിച്ചതിന് കാബൂളി വാല ജയിലിലായി. വർഷങ്ങൾക്ക് ശേഷം ജയിൽമോചിതനായി അയാൾ മിനിയെ കാണാൻ വന്നത് അവളുടെ വിവാഹ നാളിലായിരുന്നു.

കാരാഗൃഹ ജീവിതത്തിനിടയിൽ കാലവും പരിസരവും മാറിയത് കാബൂ ളിവാല അറിഞ്ഞിരുന്നില്ല. മിനിയും അഛനും അദ്ദേഹത്തെ എന്നോ മറന്നി രുന്നു. ജയിൽ മോചിതനായി കാബൂളി വാല മിനിയെ കാണാൻ വന്നപ്പോൾ, മിനിയുടെ അഛന് അയാളെ തിരിച്ചറി യാൻ പോലും കഴിഞ്ഞില്ല. തിരിച്ചറിഞ്ഞ പ്പോഴാവട്ടെ എങ്ങനെയെങ്കിലും പോയി ക്കിട്ടിയിരുന്നെങ്കിൽ എന്നായി. അവസാനം മിനിയെ കാണാൻ അയാൾ കെഞ്ചുന്നു ണ്ട്. അത് നിഷേധിക്കപ്പെട്ടപ്പോൾ അവൾക്കായി കൊണ്ടുവന്ന സമ്മാനമെ ങ്കിലും സ്വീകരിക്കണമെന്നായി. എന്നാൽ ആ അഭിലാഷം കൂടി അപഹരിക്കപ്പെട്ട പ്പോഴാണ് കാബൂളിലെ സ്നേഹനിധി യായ പിതാവിനെ നാം കാണുന്നത്:

"........നിങ്ങൾക്ക് ഒരു മകൾ ഉള്ള തുപോലെ എന്റെ നാട്ടിൽ എനിക്കും ഒരു മകൾ ഉണ്ട്. അവളുടെ മുഖം മനസ്സിൽ ഓർമ വരുമ്പോഴാണ് ഞാൻ ഇടക്കിടക്ക് നിങ്ങളുടെ മകൾക്ക് എന്തെങ്കിലും കൊണ്ടുവന്ന് കൊടുക്കുന്നത്. കച്ചവടം നടത്താനൊന്നുമല്ല ഇവിടെ വരുന്നത്" – എന്നു പറഞ്ഞ് അയാളുടെ ഉടുപ്പിനകത്ത് മാറോടു ചേർത്തുവെച്ച മുഷിഞ്ഞ ഒരു കടലാസ് പുറത്തെടുത്തു. അതിൽ പുക ക്കരിപുരട്ടി പതിപ്പിച്ച ഒരു കൊച്ചു കൈപ്പടത്തിന്റെ ഛായ പതിഞ്ഞിട്ടുണ്ട്. കാതങ്ങൾക്കപ്പുറം കാബൂളിലെ ഒരു മൺകുടിലിലുള്ള തന്റെ ഓമന മകളുടെ ആ സ്മാരക ചിഹ്നം വർത്തമാനകാ ലത്തെ വെല്ലുവിളിച്ച് ഇന്നും നില നിൽക്കുന്നത് മറ്റൊരു ചരിത്രം. എങ്കിലും ടാഗോറിന്റെ ജീവചരിത്രകാരനായ കൃഷ്ണ കൃപാലിനി നിരീക്ഷി ച്ചതുപോലെ, ജാതിമത-സാമൂഹികവ്യവ സ്ഥകളെ തകിടം മറിക്കുന്ന മനുഷ്യബ ന്ധത്തിന്റെ കഥയാണിത്.

അപരനോടുള്ള അകൽച്ചയുടെ മറ്റൊരു കാഴ്ചയാണ് ഇടശ്ശേരി ഗോവി ന്ദൻ നായരുടെ 'ഇസ്‌ലാമിലെ വൻമല.' ചായത്തുണിക്കാരെയും താടിക്കാരെയും മാത്രമല്ല കവി ചിത്രീകരിച്ചത്. വേഷത്തി നപ്പുറത്തെ വിശ്വാസത്തിലേക്കും കണ്ണ യക്കുന്നുണ്ട്. പയ്യിലും പാമ്പിലും കാവിലും കല്ലിലും ഈശ്വരനെ കാണു ന്നവരെ, കാഫിറെന്നാക്ഷേപിക്കുകയും കാതുകുത്താതെ കഴിയുകയും ചെയ്യുന്ന ഒരു വിഭാഗത്തെപ്പറ്റിയുള്ള ഊഹമാണ് കവിതയിൽ. അവരെ എന്നും ഏത് കാര്യ ത്തിലും എതിർത്തിടണമെന്ന സങ്കൽപ മായിരുന്നു കവിയിൽ വളർന്നത്. കേരള ത്തിന്റെ വെളുവെളുപ്പിൽ കാർമഷി വീഴ്ത്തിയവരും ചോരച്ചുകപ്പ് കലർത്തി യവരുമാണ് നിങ്ങളെന്ന് അവരെ കവി വിമർശിച്ചുവോ? സൂക്ഷ്മമായ നിരീക്ഷ ണത്തിൽ അത് കവിയുടെ വിമർശനമ ല്ല. മറിച്ച് കെ.ഇ.എൻ നിരീക്ഷി ച്ചതുപോലെ, മേലാള സംസ്കാരം കീഴാള സംസ്കാരത്തെ കണ്ടവിധം സത്യസന്ധ മായി അടയാളപ്പെടുത്തിയതാണ്.

ഊഹങ്ങൾ വെച്ചുപുലർത്തുന്ന പൂർവസമൂഹത്തിന്റെ വിചാര-വികാരങ്ങ ളിലൂടെയാണ് ഇടശ്ശേരി സഞ്ചരിക്കുന്നത്. എന്നാൽ ആ കാലത്ത് ഊഹം പ്രത്യയ ശാസ്ത്രമോ ജീവിത വ്യവസ്ഥയോ ആയി രുന്നില്ല. മനുഷ്യബന്ധത്തിന്റെ സ്വാഭാവി കതയിൽനിന്ന് രൂപം കൊള്ളുകയും അതോടൊപ്പം സങ്കരജീവിതത്തിന്റെ പ്രത്യയശാസ്ത്രത്തിനുള്ള പിൻബലം ആരായുകയുമായിരുന്നു. എന്നാൽ 'ഞാനെന്നുമെന്നുമെതിർത്തിടേണം' എന്ന് കവി കരുതിയ ജനതയിൽ അദ്ദേ ഹത്തിന് ഒരു കൂട്ടുകാരനുണ്ട് – സതീർഥ്യ നായ കുഞ്ഞലവി. ഇടവേളകളിൽ സ്കൂൾ പരിസരത്തിലൂടെ കഥപറഞ്ഞ്



എൻ.എസ് മാധവൻ

ഊഹം ഒരു പ്രത്യയശാസ്ത്ര മായി സ്വീകരിച്ച ജനതയെ യാണ് എൻ.എസ് മാധവൻ 'മുംബയ്'യിൽ ആവിഷ്കരി ച്ചത്. അയൽപക്കത്തും ജോലിസ്ഥലത്തുമെല്ലാം അപകടകാരിയായ അന്യനെ യാണ് അവർ അന്വേഷിച്ചിരു ന്നത്. പുതിയ സർക്കാർ അധികാരം ഏൽക്കുമ്പോൾ വിദേശികളെ നാടുകടത്തു മെന്ന വാഗ്ദാനം അവർ സ്വാഗതം ചെയ്തത് ആഹ്ലാദ ത്തോടെയായിരുന്നു.

രസിച്ച് നടക്കുക അവരുടെ പതിവാണ്. 'ഞാവൽപ്പഴങ്ങൾ പെറുക്കിത്തിന്നും/ മാവിനെറിഞ്ഞും വെടിപറഞ്ഞും/ആനന്ദ ത്തിന്റെ ഇരുചിറകായ്' തോളുരുമ്മി നട ക്കും. കുഞ്ഞലവിയുടെ വാപ്പ ചായക്കട ക്കാരനാണ്. സ്കൂൾ പരിസരത്താണ് അയാളുടെ ചായക്കട. അതിന് അടുത്തെ ത്തുമ്പോൾ കുഞ്ഞലവി ഭക്ഷണം കഴി ക്കാൻ വാപ്പയുടെ കടയിൽ കയറും. അപ്പോൾ കഥയിലെ കവി അൽപം അക ലെയുള്ള മരച്ചുവട്ടിലിരുന്ന് ചായക്കട യിൽ തൂങ്ങിക്കിടക്കുന്ന മഞ്ഞ പഴക്കുല യിലേക്ക് നോക്കിയിരിക്കും. ഭക്ഷണം ക ഴിച്ച് വരുമ്പോൾ കുഞ്ഞലവി ചങ്ങാതി ക്കുവേണ്ടി ഒന്നോരണ്ടോ പഴം പിതാവ് കാണാതെ മടിയിൽ വെക്കും. ഒരു ദിവസം അത് പുറത്തായി. കുഞ്ഞലവി കൈ യോടെ പിടിക്കപ്പെട്ടു. പിതാവിന്റെ ചുള്ള ൽ വടികൊണ്ടുള്ള അടിയേറ്റ് അവൻ പുള യുന്നത് ദൂരെ മരച്ചുവട്ടിലിരുന്ന് കവി കാ ണുകയാണ്. അവൻ സത്യം പറഞ്ഞാൽ തനിക്കുണ്ടാവുന്ന മാനഹാനിയെ കുറി

ച്ചാണ് അപ്പോൾ കവി ചിന്തിച്ചത്.

എന്നാൽ പിതാവിന്റെ കഠിനമായ മർദ്ദനം ഏറ്റിട്ടും ആ ചങ്ങാതി ഒന്നും ഉരിയാടിയില്ല.

"തുള്ളിപ്പിടഞ്ഞിതവന്റെ ദേഹം
ഉള്ളമോ വന്മല പോലെ നിന്നു."

കൂട്ടുകാരന്റെ മാനം രക്ഷിക്കാൻ കുഞ്ഞലവി സൗഹൃദത്തിന്റെ വന്മല പണിതത് കഠിനമായ വേദന സഹിച്ചു കൊണ്ടാണെന്ന് കവി കാണുന്നു. അതോടെ കവിയുടെ എല്ലാ സങ്കൽപങ്ങളും തകർന്ന് പോയി. സുദൃഢമായ ആ ചങ്ങാത്തത്തിന്റെ കഥ പറയുന്ന കവിതക്ക് 'ഇസ്‌ലാമിലെ വന്മല' എന്നാണ് ഇടശ്ശേരി പേരിട്ടത്. കവിത ലളിതമാണെങ്കിലും അതിന്റെ നാമം അർഥധ്വനികൾ നിറഞ്ഞതാണ്.

ജാതിയോ മതമോ വേഷമോ ഭാവമോ നോക്കാതെ കൂട്ടുകാരന്റെ അഭിമാനം കാക്കാനുള്ള സംസ്കാരത്തിന്റെ ആഹ്വാനം മാത്രമല്ല ഇടശ്ശേരി കുഞ്ഞലവിയിൽ കണ്ടത്. ഭക്ഷണം കഴിക്കുമ്പോഴും അടികൊള്ളുമ്പോഴും ജാതിയോ മതമോ നോക്കാതെ കുഞ്ഞലവി നിർമിച്ചെടുക്കുന്ന ചങ്ങാത്തത്തെ കൂടിയായിരുന്നു. ഭക്ഷണം കഴിച്ച് മടങ്ങിവരുമ്പോൾ ഭക്ഷണം കഴിക്കാതെ പുറത്തുനിൽക്കുന്ന ചങ്ങാതിയുടെ കൊതിയെങ്കിലും മാറ്റാനുള്ള സന്മനസ്സും, അടികൊണ്ട് പുളയുമ്പോൾ അടികൊള്ളാതെ പുളയുന്ന സുഹൃത്തിന്റെ അഭിമാനം കാക്കാനുള്ള ത്യാഗസന്നദ്ധതയും കുഞ്ഞലവിയിൽ കവി വായിച്ചിരിക്കാം. സന്തോഷത്തിലും സന്താപത്തിലുമെല്ലാം ആത്മബന്ധത്തിനു വേണ്ടി നടത്തുന്ന അത്തരം ആത്മാർപ്പണ ദൃശ്യങ്ങളിൽ നിന്നാവാം കുഞ്ഞലവിയുമായുള്ള പരിചയം അവന്റെ വിശ്വാസത്തിന്റെ പേരായി കവിയിൽ ഊറിക്കൂടിയത്.

കൊച്ചുകുട്ടിയുടെ അനുഭവ ചിത്രീകരണത്തിലൂടെ ഊഹത്തെ കെട്ടഴിച്ച് വിടുകയാണ് ഇടശ്ശേരി. തെറ്റായ സങ്കൽപത്തിൽനിന്ന് തെറ്റായ ജീവിത വ്യവസ്ഥ രൂപപ്പെടുന്ന ചിത്രമാണ് 'ഇസ്‌ലാമിലെ വൻമല'യിൽ അടയാളപ്പെടുത്തിയത്. വർത്തമാന ഭാരതം അഭിമുഖീകരിക്കുന്ന വംശ വിദ്വേഷത്തിന്റെ തീവ്രതയെ എത്ര തന്മയത്വത്തോടെയാണ് ഇടശ്ശേരി ആവിഷ്കരിച്ചതെന്ന് ചിന്തിക്കുമ്പോഴാണ്, ഭാവനയുടെ അടരുകളിൽനിന്ന് നിർഗളിക്കുന്ന സുഗന്ധം അനുഭവപ്പെടുക. എന്നാൽ കാബൂളിവാലയിലും ഇസ്‌ലാമിലെ വൻമലയിലും കാണുന്ന പഴമയുടെ ശോഭനമായ അത്തരം മുദ്രകൾ മാഞ്ഞുപോയിക്കോണ്ടിരിക്കുന്ന ചിത്രമാണ് പത്തിരിപ്പാത്തുമ്മയിൽ. യാഥാർഥ്യത്തെ ഊഹം കൊണ്ട് ഊതിക്കാച്ചിയെടുക്കുന്ന ചന്ദ്രണ്ണൻ എങ്ങനെ അതിന് ഇരയാവുന്നുവെന്ന് ആവിഷ്കരിക്കുകയാണ് ബൊളുവാർ മുഹമ്മദ് കുഞ്ഞി. വീട്ടുകാരുടെ അനുവാദം ഇല്ലാതെ അയോധ്യയിൽ കർസേവക്ക് പോയി തിരിച്ചെത്തിയ നാട്ടിൻപുറത്തുകാരന്റെ മനോരാജ്യത്തിലൂടെയാണ് കഥ വികസിക്കുന്നത്. അഛനോടും ജ്യേഷ്ഠനോടുമൊപ്പം സ്വർണക്കട നടത്തുന്ന ചന്ദ്രണ്ണൻ കർസേവ കഴിഞ്ഞ് വന്നതോടെ ഊഹത്തിന്റെ പിടിയിൽ അമർന്നു. ജ്യേഷ്ഠന്റെ സുഹൃത്ത് അഹമ്മദ് ബാവ കടയിൽ വരാതിരുന്നതും, പത്തിരിപ്പാത്തുമ്മ വീടുവെക്കാനുള്ള അവരുടെ ദീർഘനാളത്തെ സമ്പാദ്യം തിരികെ ചോദിച്ചതും ചന്ദ്രണ്ണനെ സംശയാലുവാക്കി. കുട്ടിക്കാലത്ത് മരിച്ചുപോയ സുഹൃത്ത് അബ്ദുർറഹ്മാനെപ്പറ്റി ഓർക്കുമ്പോൾ പോലും സംശയമാണ്. അവനിപ്പോൾ ജീവിച്ചിരുന്നെങ്കിൽ താൻ കർസേവക്ക് പോയതറിഞ്ഞ് എങ്ങനെ പ്രതികരിക്കുമായിരുന്നു ആവോ? തന്റെ ചങ്ങാത്തം ഒഴിവാക്കുമായിരുന്നോ? എന്നാൽ ചന്ദ്രണ്ണന്റെ അഛന്റെയോ ജ്യേഷ്ഠന്റെയോ സമീപനം അങ്ങനെയായിരുന്നില്ല. അവർ എങ്ങനെ വിശദീകരിച്ചിട്ടും അയാൾ ഊഹത്തിൽ ഉറച്ചു നിൽക്കുകയാണ്. അവസാനം എല്ലാ ഊഹങ്ങളുടെയും ഭാണ്ഡം അഴിഞ്ഞു വീഴുമ്പോൾ ചന്ദ്രണ്ണൻ സ്വയം സമാധാനിക്കാൻ കഴിയാതെ പരുങ്ങുന്നു.

ചന്ദ്രണ്ണന്റെ ഊഹം ഒരു പ്രത്യയശാസ്ത്രമായി വികസിക്കാനുള്ള എല്ലാ സാധ്യതകളുമുണ്ട്. എന്നാൽ അഛൻ ശ്രീനിവാസ സാറാപ്പും ജ്യേഷ്ഠൻ കേശവൻ സാറാപ്പും ആ ഊഹത്തോടൊപ്പം ചേരുകയോ അതിനെ വികസിപ്പിക്കുകയോ ചെയ്യുന്നില്ല. ചന്ദ്രണ്ണനിൽ അസ്വസ്ഥത പരത്തിയ ഊഹത്തിന്റെ യാഥാർഥ്യം ബോധ്യപ്പെടുത്താനാണ് അവർ ശ്രമിക്കുന്നത്. അപ്പോഴും ഊഹത്തെ ചന്ദ്രണ്ണൻ കൈവെടിയുന്നില്ല. കാരണം അവന്റെ നേതാവായ രാമദാസ കിണി 'രാത്രി ഒന്നരവരെ ചന്ദ്രണ്ണന്റെ തലയ്ക്കകത്ത് കയറാൻ പാകത്തിൽ സംഗതികൾ അവതരിപ്പിച്ചിരുന്നു.' ഊഹം കേവല ഊഹത്തിൽനിന്ന് കുതറി പ്രത്യയശാസ്ത്രത്തിന്റെ ചിറകിലേക്ക് കണ്ണയക്കുവാൻ ഇടയാവുന്നത് രാമദാസ കിണിയുടെ സാന്നിധ്യമാണെന്ന് വായിച്ചെടുക്കാം. ചന്ദ്രണ്ണന്റെ ഊഹം



ഇടശ്ശേരി

സംശയിക്കുന്നവനിൽനിന്ന് കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതെ ഊഹങ്ങൾ പുറമേക്ക് പ്രവഹിച്ചിരുന്നില്ല. യാഥാർഥ്യം ബോധ്യപ്പെടുന്നതോടെ അവസാനിക്കുന്ന തെറ്റിദ്ധാരണകൾ മാത്രമായിരുന്നു അവ. 'കാബൂളിവാല'യിലും 'ഇസ്‌ലാമിലെ വൻമല'യിലുമെല്ലാം അത്തരം അനുഭവമാണ് പങ്കുവെക്കുന്നത്. എന്നാൽ 'പത്തിരിപ്പാത്തുമ്മ'യിലേക്കും 'മുംബയ്'യിലേക്കും എത്തുമ്പോൾ ഊഹം പുതിയ കാലത്തിന്റെ വർണം സ്വീകരിച്ചത് കാണാം.

ഭീതിയെ ജീവിതവ്യവസ്ഥയായി പ്രതിഷ്ഠിക്കുന്നില്ലെങ്കിലും അസ്വസ്ഥമായ ഒരു സാംസ്കാരിക പരിസരം അവിടെ പത്തിവിടർത്തുന്നുണ്ട്. എങ്കിലും അഛന്റെയും ജ്യേഷ്ഠന്റെയും ഇടപെടലിലൂടെ ചന്ദ്രണ്ണന്റെ ഊഹത്തിന് ഇരയെ കണ്ടെത്താൻ കഴിയുന്നില്ല. അയാൾ കണ്ടെത്തുന്ന ഇരകളായ പത്തിരിപ്പാത്തുമ്മയും അഹ്മദ് ബാവയും അബ്ദുർറഹ്മാനുമെല്ലാം അവസാനം ചന്ദ്രണ്ണന്റെ പോലും സഹതാപത്തിന് പാത്രമാവുന്നു.

ഊഹം ഒരു പ്രത്യയശാസ്ത്രമായി സ്വീകരിച്ച ജനതയെയാണ് എൻ.എസ് മാധവൻ 'മുംബയ്'യിൽ ആവിഷ്കരിച്ചത്. അയൽപക്കത്തും ജോലിസ്ഥലത്തുമെല്ലാം അപകടകാരിയായ അന്യനെയാണ് അവർ അന്വേഷിച്ചിരുന്നത്. പുതിയ സർക്കാർ അധികാരം ഏൽക്കുമ്പോൾ വിദേശികളെ നാടുകടത്തുമെന്ന വാഗ്ദാനം അവർ സ്വാഗതം ചെയ്തത് ആഹ്ലാദത്തോടെയായിരുന്നു. സർക്കാർ

വിദേശികളെ ഖനനം ചെയ്ത് പുറത്തെടുക്കാൻ കൊണ്ടുപിടിച്ച ശ്രമം ആരംഭിച്ചു. അപ്പോഴാണ് മുംബയ്യിലെ ഒരു കമ്പനിയിൽ ജോലി നോക്കുന്ന അസീസിന് വിദേശ യാത്രക്കുള്ള അവസരം ഉണ്ടായത്. മലപ്പുറം ജില്ലയിലെ പാങ്ങ് സ്വദേശിയാണ് അസീസ്. വിദേശത്ത് പോവാൻ അദ്ദേഹത്തിന് പാസ്പോർട്ടുണ്ടായിരുന്നില്ല. മേൽവിലാസത്തിനുള്ള രേഖകളൊന്നും അയാളുടെ കൈവശം ഇല്ലായിരുന്നു. അതിനുവേണ്ടി ഒരു റേഷൻ കാർഡിന് അപേക്ഷ നൽകി. അപ്പോഴാണ് പൗരത്വം തെളിയിക്കേണ്ടി വന്നത്. പലതവണ സപ്ലൈ ഓഫീസിൽ ചെന്നു. പ്രമീളാഗോഖലെ എന്ന ഓഫീസർ തലങ്ങും വിലങ്ങും ചോദ്യം ചെയ്തു. അവരുടെ കൂർത്ത ചോദ്യത്തിനു മുമ്പിൽ പിടിച്ച് നിൽക്കാൻ പോലും അയാൾക്ക് കഴിഞ്ഞില്ല:

"1970–ൽ നിങ്ങൾ ഇന്ത്യയിൽ ഉണ്ടായിരുന്നോ?"

"മാഡം ഞാനന്ന് ജനിച്ചിട്ടില്ല."

"എഴുപത്തി ഒന്നിൽ"

"അക്കൊല്ലമാണ് ഞാൻ ജനിച്ചത്."

"അപ്പോൾ എഴുപതിൽ നിങ്ങൾ ഇന്ത്യയിൽ ഉണ്ടായിരുന്നില്ലെന്ന് സമ്മതിക്കുന്നു അല്ലേ - ?"

"ഇത് നല്ല പൊല്ലാപ്പ്, മാഡം ഞാനന്ന് ജനിച്ചിട്ടില്ല." ..................

....................................................

"ചോദ്യങ്ങൾക്ക് "ഉവ്വ്" അല്ലെങ്കിൽ "ഇല്ല" എന്ന് ഉത്തരം പറയൂ."

പ്രമീളാഗോഖലെ ഒരു ചുവട് ശബ്ദം ഉയർത്തിയപ്പോൾ അസീസിന് ഇടിവെട്ടിയ പോലെ തോന്നി.......

"പറയൂ, ബംഗ്ലാദേശിൽ നിന്നുള്ള നുഴഞ്ഞ് കയറ്റത്തിനുമുമ്പ് അതായത് എഴുപതിനും അതിനു മുമ്പും നിങ്ങൾ ഇന്ത്യയിൽ ഉണ്ടായിരുന്നോ?"

"ഇല്ല" - അസീസ് മുറുമുറുത്തു.


"നുഴഞ്ഞ് കയറ്റക്കാലത്ത്? എഴുപത്തി ഒന്നിനുശേഷം?"

"ഉവ്വ്."

ഊഹം പ്രത്യയശാസ്ത്രത്തിന്റെ പഥത്തിലേക്ക് ഗതിമാറിയ കറുത്ത സന്ദർഭത്തെയാണ് എൻ.എസ് മാധവൻ അടയാളപ്പെടുത്തിയത്. മുംബയ് നഗരത്തിൽ പുതിയ അധികാര ശക്തികൾ ആധിപത്യം വാണ പരിസരങ്ങളിലൂടെയാണ് കഥയുടെ സഞ്ചാരം. പ്രമീളാഗോഖലെ ഓരോ ചോദ്യങ്ങൾ ചോദിക്കുമ്പോഴും പുറത്ത് ഒരു ആൾക്കൂട്ടം വീർത്ത് വീർത്ത് വരുന്നുണ്ട്. അവരുടെ ഓരോ ചോദ്യത്തിൽനിന്നും ആൾക്കൂട്ടം ഊർജം കണ്ടെത്തി. ജ്ഞാനേശ്വരി വായിച്ചു തീരുമ്പോൾ പ്രമീളാഗോഖലെ ഇരയെ കണ്ടെത്തുന്നു. ആൾക്കൂട്ടത്തിന് വേണ്ടിയുള്ള ചോദ്യങ്ങൾ പുറത്തെടുക്കുന്നതിലൂടെ അവർ ഒരു പ്രത്യയശാസ്ത്രത്തിന്റെ ചാലക ശക്തിയാവുകയാണ്. മനസ്സിൽനിന്ന് വഴിമാറാൻ മടിക്കുന്ന ചന്ദ്രണ്ണന്റെ ഊഹം പ്രമീളാഗോഖലയിൽ എത്തുമ്പോഴേക്കും പ്രത്യയശാസ്ത്രമാവുന്നു. ടാഗോറിന്റെയും ഇടശ്ശേരിയുടെയും കാലത്തെ ഊഹം ജീവിത നൈർമല്യങ്ങളുടെ പരപ്പിൽ ലയിക്കുമ്പോൾ, ബൊളുവാർ മുഹമ്മദ് കുഞ്ഞിയുടെയും എൻ. എസ് മാധവന്റെയും കാലത്തെ ഊഹം ആസുരലോകത്തിന്റെ പ്രത്യയശാസ്ത്രമായി വരികയാണോ?

വ്യക്തിയെയും സമൂഹത്തെയും പറ്റിയുള്ള ഊഹമാണ് ലോകത്ത് വിഘടനവും സംഘട്ടനവും ഉണ്ടാക്കുന്നത്. അപശ്രുതി സൂക്ഷ്മമായി അന്വേഷിക്കാനുള്ള വിമുഖതയിൽനിന്നാണ് ഊഹം സ്വീകാര്യത നേടുക. അതിന്റെ ക്രമാനുഗതമായ വളർച്ചയാണ് തെറ്റിദ്ധാരണയും കലാപവും. മാനവരാശിയുടെ ഗതി നിർണയിക്കേണ്ടിയിരുന്ന ഒട്ടേറെ ചരിത്ര സന്ദർഭങ്ങൾ ഊഹവും ഭീതിയും സൃഷ്ടിച്ച കുത്തൊഴുക്കിൽ തരിപ്പണമായിട്ടുണ്ട്. വ്യക്തിബന്ധങ്ങളിലും സാമൂഹികവും സാമുദായികവുമായ അടുപ്പം രൂപപ്പെടുത്തുന്നതിലും ഊഹം നിർണായക പങ്കുവഹിക്കുന്നു. വ്യക്തിയെ പറ്റിയുള്ള തെറ്റായ ഊഹം അയാളുടെ ദേശക്കാരെയും മതക്കാരെയും പ്രതിസ്ഥാനത്ത് നിർത്തുന്ന സങ്കൽപമായി ഇന്ന് പരിണമിച്ചിട്ടുണ്ട്. അപരനോടുള്ള ഊഹം ഭീതിയാവുന്ന സന്ദർഭങ്ങളും അപൂർവമല്ല. എന്നാൽ ഊഹങ്ങളെ കെട്ടഴിച്ച് വിടുന്നതോടെ ശത്രുത അണപൊട്ടി ഒഴുകുന്നു.

'കാബൂളിവാല'യിലും 'ഇസ്‌ലാമിലെ വൻമല'യിലും ഊഹം രൂപപ്പെടുന്നത് പോലെയല്ല 'പത്തിരിപ്പാത്തുമ്മ'യിൽ. ചന്ദ്രണ്ണന്റെ ഊഹം തീവ്രമാണെങ്കിലും അത് അഛന്റെയും ജ്യേഷ്ഠന്റെയും സങ്കൽപങ്ങളെ തട്ടിമാറ്റുന്നില്ല. എന്നാൽ 'മുംബയ്'യിൽ എല്ലാ അതിരുകളും തകർത്ത ഊഹമാണ് ചൂളം വിളിക്കുന്നത്. അത് ഒരു ജീവിത വ്യവസ്ഥയും പ്രത്യയശാസ്ത്രവുമായി പരിണമിക്കുന്നു. വ്യക്തിയിൽനിന്ന് സമൂഹത്തിലേക്കും ഇരയിൽനിന്ന് ഇരകളിലേക്കും വ്യാപിക്കുകയാണ്. ഊഹത്തിന്റെ ആ ദുരന്ത പരിണാമമാണ് സമകാലിക ഇന്ത്യൻ അവസ്ഥയിൽ വളർന്നു വരുന്നത്. ■


രവീന്ദ്രനാഥ ടാഗോർ

വേഷത്തെയും വിശ്വാസത്തെയും കേന്ദ്രീകരിച്ചാണ് എല്ലാ ഊഹങ്ങളുടെയും പിറവി. വേഷം വിശ്വാസത്തിൽനിന്ന് ഉടലെടുത്തിരുന്ന കാലം അതിൽ അടയാളപ്പെട്ടിരിക്കുന്നു. കാബൂളിവാലയുടെ പൊടിപുരണ്ട അയഞ്ഞ ഉടുപ്പും വലിയ തലപ്പാവും തോളിലെ മാറാപ്പുമെല്ലാം ഉദാഹരണം.